# 11

# സത്യനമസ്ക്കാരികൾ

തന്നെ നമസ്ക്കരിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവരുടേയും നമസ്ക്കാരം ദൈവം സ്വീകരിക്കുമോ? നമ്മുടെ മതപരമായ പ്രകടനങ്ങൾ ദൈവം സ്വീകരിക്കുമോ എന്ന് നമുക്ക് എങ്ങനെ അറിയാം?

ദൈവസ്നേഹത്തിൽ വസിക്കുക എന്നതു നിബന്ധനയോടുകൂടിയതാണ് എന്ന് യേശു പഠിപ്പിച്ചിരിക്കുന്നു. "എന്റെ കൽപനകൾ പ്രമാണിച്ചാൽ, നിങ്ങൾ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹന്നാൻ 15:10). ദൈവത്തെ കുറിച്ച് ദാവീദ് എഴുതി, "നീതികേട് പ്രവർത്തിക്കുന്നവരെ ഒക്കെയും നീ പകെക്കുന്നു" (സങ്കീർത്തനങ്ങൾ 5:5). യേശുവിനെ സംബന്ധിച്ച്, അവനെ സ്നേഹിച്ച് അവന്റെ കൽപനകളെ പ്രമാണിക്കുന്നവരാണ് അവന്റെ സ്നേഹത്തിൽ വസിക്കുന്നത്. യേശുവിന്റെ കൽപനകൾ അനുസരിക്കാത്തവർ അവന്റെ സ്നേഹത്തിൽ വസിക്കുന്നില്ല, അനീതി പ്രവർത്തിക്കുന്നവരെ ദൈവം വെറുക്കുകയും ചെയ്യും. അതിനർത്ഥം, തീർച്ചയായും ദൈവം അവരുടെ ആരാധന സ്വീകരിക്കയുമില്ല എന്നാണ്.

ദുഷ്ടരായവരെ പിശാചിന്റെ മക്കളായിട്ടാണ് കണക്കാക്കുന്നത് (യോഹന്നാൻ 8:44). കയ്യിൻ "ദുഷ്ടനിൽനിന്നുള്ളവൻ" എന്നാണ് യോഹന്നാൻ പറഞ്ഞത് (1 യോഹന്നാൻ 3:12). തീർച്ചയായും, പിശാചിന്റെ മക്കളുടെ ആരാധന ദൈവം സ്വീകരിക്കുകയില്ല.

കയ്യീന്റെ വഴിപാട് ദൈവം സ്വീകരിക്കാതിരുന്നതിനാൽ (ഉൽപത്തി 4:4, 5) ദൈവം എല്ലാവരേയും, എല്ലാവരുടെ ആരാധനയേയും സ്വീകരിക്കുകയില്ല എന്ന് സ്പഷ്ടമാണ്. ലോകത്തിലെ മിക്ക ആളുകളും ഏന്തിനെയെങ്കിലും അല്ലെങ്കിൽ ആരെയെങ്കിലും നമസ്ക്കകരിക്കുന്നുണ്ട്. യിസ്രായേലിനു ചുറ്റുമുണ്ടായിരുന്ന ദേശക്കാർ അവരുടെ ദേവന്മാരെ നമസ്കരിച്ചിരുന്നു. ദൈവം അവരെയോ അവരുടെ ആരാധനയെയോ സ്വീകരിച്ചില്ല. യിസ്രായേൽ ദുഷ്പ്രവൃത്തിയിലേക്ക് തിരിഞ്ഞപ്പോൾ, ദൈവം അവരുടെ ആരാധന സ്വീകരിച്ചില്ല. അവരുടെ അനീതി നിമിത്തം ദൈവം അവരെ "വെറുക്കുകയും" അവരുടെ ആരാധന തള്ളിക്കളയുകയും ചെയ്തു (ആമോസ് 5:21–24).

ആരാധന മാത്രമല്ല ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ ആരാധന സ്വീകരിക്കണമെങ്കിൽ, അതിൽ രണ്ട് ഘടകങ്ങൾ ഉണ്ടായിരിക്കണം: (1) അവൻ ആഗ്രഹിക്കുന്ന ആരാധന സമർപ്പിക്കണം, (2) നാം അവൻ സ്വീകരിക്കുന്ന ആളുകളായിരിക്കണം. നമ്മുടെ ആരാധന, സത്യത്തിലും ആത്മാവിലും ആയിരിക്കണം എന്നു നാം മുൻപ് കണ്ടു (യോഹന്നാൻ 4:23, 24). അടുത്തത്, ദൈവം സ്വീകരിക്കുന്ന ആരാധകനെ നാം നോക്കും.

### ദൈവത്തിന്റെ മക്കളായവർ

ദൈവമക്കൾ എന്നും പിശാചിന്റെ മക്കളെന്നുമുള്ള രണ്ട് തരം ആളുകളെ കുറിച്ചാണ് ബൈബിൾ സംസാരിക്കുന്നത് (മത്തായി 13:38; 1 യോഹന്നാൻ 3:8, 10). യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട് ദൈവമക്കളായി അവന്റെ

നീതിയിൽ വസിക്കുന്ന അവന്റെ മക്കളുടെ സത്യത്തിലും ആത്മാവിലുമുള്ള ആരാധന അവൻ സ്വീകരിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം.

യേശുവിന്റെ മരണവും ഉയിർത്തെഴുന്നേൽപും മുഖാന്തരം, ശുദ്ധീകരിക്കപ്പെട്ട് ദൈവമക്കളാകുവാനുള്ള സാധ്യത യേശു നമുക്ക് ഒരുക്കിത്തന്നു (കൊലൊസ്യർ 1:21–23; 1 പത്രൊസ് 1:3, 4). യേശു മറുരൂപപ്പെട്ടപ്പോൾ പിതാവ് പറഞ്ഞതുപോലെ, ദൈവമക്കളാകുവാൻ നാം യേശുവിനെ കേൾക്കണം (മത്തായി 17:5). അല്ലെങ്കിൽ, നാം നശിപ്പിക്കപ്പെടും (പ്രവൃത്തികൾ 3:23). അവന്റെ രക്തത്തിൽ നാം വിശ്വസിക്കണം (റോമർ 3:25). വാസ്തവത്തിൽ, നാം അവനിൽ വിശ്വസിച്ചു മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവനെ കർത്താവായി സേവിക്കുവാനും തീരുമാനിക്കണം (പ്രവൃത്തികൾ 3:19), തുടർന്ന് അവനിലുള്ള വിശ്വാസം നാം ഏറ്റു പറയുകയും (റോമർ 10:9, 10), പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ നമ്മുടെ പാപങ്ങൾ അവൻ ക്ഷമിക്കും (പ്രവൃത്തികൾ 2:38). അവയെല്ലാം നാം ചെയ്യുമ്പോൾ, വീണ്ടും ജനിക്കുകയും (യോഹന്നാൻ 3:3–5), ദൈവമക്കളാകുകയും ചെയ്യുന്നു (ഗലാത്യർ 3:26, 27).

## അവന്റെ വചനം കേൾക്കുന്നവർ

യോഹന്നാൻ യേശുവിന്റെ അത്ഭുതങ്ങൾ എഴുതിയിരിക്കുന്നതിന്റെ ഒരു ഉദ്ദേശം നാം അത് വായിച്ച് വിശ്വസിക്കുന്നതിനും അങ്ങനെ നമുക്ക് നിത്യജീവൻ ലഭിക്കേണ്ടതിനുമാണ് (യോഹന്നാൻ 20:30, 31). യേശു ക്രിസ്തു ആണെന്ന് യെഹൂദന്മാരെ ബോധ്യമാക്കേണ്ടതിനായിരുന്നു പത്രൊസ് യേശുവിന്റെ അത്ഭുതങ്ങളെ കുറിച്ച് എഴുതിയത് (പ്രവൃത്തികൾ 2:22, 36). അവർ പത്രൊസിന്റെ പ്രസംഗം കേട്ട് ഹൃദയത്തിൽ കുത്ത് കൊണ്ട്, സഹോദരന്മാരായ പുരുഷന്മാരേ രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. കൊർന്നെല്യോസും അവന്റെ വീട്ടിലുള്ളവരും രക്ഷിക്കപ്പെടേണ്ട വാക്കുകൾ അവരോട് അറിയിക്കുവാൻ പത്രൊസിനോട് അവന്റെ അടുക്കലേക്ക് പോകുവാൻ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 11:13, 14; ചേർത്ത് 10:47, 48 നോക്കുക). നാം വീണ്ടും ജനിച്ചത് ദൈവവചനത്താലാണെന്ന് പത്രൊസ് എഴുതിയിരിക്കുന്നു. കേൾക്കുകയും, വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്യുന്നവർക്കാണ് വചനം പ്രയോജനം ചെയ്യുന്നത്.

യേശുവിന്റെ വചനം കേൾക്കാതെയും, സുവിശേഷം അനുസരിക്കാതിരിക്കയും ചെയ്യുന്നവർ നശിച്ചുപോകും (2 തെസലൊനിക്യർ 1:8). അത് വാസ്തവമാണ്, കാരണം സുവിശേഷം രക്ഷക്കുള്ള ശക്തിയാണ് (റോമർ 1:16), അത് കൈക്കൊള്ളുന്നവർക്കും പിടിച്ചുകൊള്ളുന്നവർക്കും ഗുണം ചെയ്യും (1 കൊരിന്ത്യർ 15:1, 2).

## അവനിൽ വിശ്വസിക്കുന്നവർ

യേശുവിൽ വിശ്വസിച്ചില്ല എങ്കിൽ, നാം നമ്മുടെ പാപങ്ങളിൽ മരിക്കും (യോഹന്നാൻ 8:24). യേശുവിൽ വിശ്വസിക്കുക എന്നതാണ് നിത്യജീവന്റെ അടിസ്ഥാനം (യോഹന്നാൻ 3:16). എങ്ങനെയായാലും, ദൈവേഷ്ടം അനുസരിച്ചില്ല എങ്കിൽ, നമ്മുടെ വിശ്വാസത്തിന് ഫലം ഉണ്ടാകുകയില്ല (എബ്രായർ 11:6). യോഹന്നാൻ എഴുതി, "പുത്രനെ അനുസരിക്കുന്നവന്ന് നിത്യജീവനുണ്ട്, പുത്രനെ അനുസരിക്കാത്തവന് ജീവനില്ല, ദൈവക്രോധം അവനിൽ

വസിക്കുന്നതേയുള്ളു" (യോഹന്നാൻ 3:36). അനുസരിക്കുന്ന വിശ്വാസമാണ് ദൈവം സ്വീകരിക്കുന്ന വിശ്വാസം (യാക്കൊബ് 2:18, 20, 24, 26). തന്നെ "അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനാണ്" യേശു (എബ്രായർ 5:9).

## അവനെ സേവിക്കുവാൻ തീരുമാനിക്കുന്നവർ

പാപക്ഷമാപണത്തിന് നാം മാനസാന്തരപ്പെടണം (പ്രവൃത്തികൾ 2:38; 3:19). നാം പാപം ചെയ്തതിനെ ഓർത്ത് വെറുതെ ദുഃഖിക്കലല്ല മാനസാന്തരം. "ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു, എന്നാൽ ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു" (2 കൊരിന്ത്യർ 7:10). "മാനസാന്തരപ്പെട്ട്," "പ്രാർത്ഥിക്കുമ്പോൾ" ക്ഷമിക്കുന്നത് (പ്രവൃത്തികൾ 8:18–22) സ്നാനമേറ്റവരുടെ തെറ്റുകളാണ് (പ്രവൃത്തികൾ 8:13). അ-ക്രൈസ്തവരോട് പാപമോചനത്തിന് പ്രാർത്ഥിക്കുവാൻ പറഞ്ഞിട്ടില്ല.

പ്രാർത്ഥനയല്ല മാനസാന്തരം. തിന്മയെ വിട്ടുകളഞ്ഞ് ദൈവത്തെ സേവിക്കുവാൻ ഹൃദയത്തിൽ എടുക്കുന്ന തീരുമാനമാണ് അത്. നാം ചെയ്ത അശുദ്ധമായ പ്രവൃത്തികളിൽനിന്നു മാനസാന്തരപ്പെടണം (പ്രവൃത്തികൾ 8:22; വെളിപ്പാട് 2:21, 22; 9:20, 21; 16:10, 11). മാനസാന്തരത്തെ തുടർന്നു നമ്മുടെ ജീവിതം ദൈവത്തെ സേവിക്കുന്നതിലേക്ക് തിരിയണം (മത്തായി 3:8; 26:20; വെളിപ്പാട് 2:5).

മാനസാന്തരപ്പെടാത്തവർ നശിച്ചുപോകും (2 പത്രൊസ് 3:9). മാനസാന്തരപ്പെട്ടവർ തിരിഞ്ഞ്, സ്നാനമേൽക്കുമ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടും.

## യേശുവിലുള്ള വിശ്വാസം ഏറ്റു പറയുന്നവർ

രക്ഷിക്കപ്പെടുവാൻ യേശുവിനെ കർത്താവ് എന്നു ഏറ്റു പറയുവാൻ നമ്മോട് പറഞ്ഞിരിക്കുന്നു:

> ... യേശുവിനെ കർത്താവ് എന്നു വായി കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽപിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും രക്ഷക്കായി വായി കൊണ്ട് ഏറ്റു പറയുകയും ചെയ്യുന്നു (റോമർ 10:9, 10).

യേശു ക്രിസ്തു ആണെന്ന ഏറ്റുപറച്ചൽ ആണ് നാം നടത്തേണ്ടത് (പ്രവൃത്തികൾ 8:37). അത് പാപങ്ങളെ ഏറ്റുപറയുന്നതല്ല, പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതുമല്ല. രക്ഷിക്കപ്പെടുവാൻ ആവശ്യപ്പെടുന്ന ഒന്നല്ല പ്രാർത്ഥന.

പെന്തെകൊസ്തു പെരുന്നാളിൽ പത്രൊസ് യോവേൽ 2:32 ഉദ്ധരിച്ചു: "കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാം രക്ഷിക്കപ്പെടും" (പ്രവൃത്തികൾ 2:21). "പ്രാർത്ഥിക്കുന്നവർ എല്ലാം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ" ആണെന്ന് പത്രൊസ് വ്യാഖ്യാനിച്ചില്ല. അന്ന്

അവന്റെ വചനം കേട്ടവർ, രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യേണം (പ്രവൃത്തികൾ 2:37) എന്നു ചോദിച്ചപ്പോൾ, പത്രോസ് അവരോട് പ്രാർത്ഥിക്കുവാൻ പറഞ്ഞില്ല. പിന്നെയോ, അവൻ അവരോട് പറഞ്ഞു, "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപമോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേൽപിൻ" (പ്രവൃത്തികൾ 2:38).

അവൻ എന്തു ചെയ്യണമെന്നറിയുവാൻ (പ്രവൃത്തികൾ 13:9).പൗലൊസായി മാറിയ ശൗലിനോട് യേശു പറഞ്ഞു (പ്രവൃത്തികൾ 9:6). ദമസ്ക്കൊസിൽ അവൻ മൂന്നു ദിവസം ഉപവസിക്കയും (പ്രവൃത്തികൾ 9:9) പ്രാർത്ഥിക്കുകയും ചെയ്തു (പ്രവൃത്തികൾ 9:11). അനന്യാസിനെ കർത്താവ് അവന്റെ അടുക്കൽ അയച്ചു (പ്രവൃത്തികൾ 9:10, 11) ശൗലിനോട് പറഞ്ഞു, "ശൗലേ, എഴുന്നേറ്റ് കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് സ്നാനം ഏറ്റു നിന്റെ പാപങ്ങൾ കഴുകി കളക" (പ്രവൃത്തികൾ 22:16). പാപക്ഷമാപണത്തിന് പ്രാർത്ഥിക്കുവാൻ ശൗലിനോട് പറഞ്ഞില്ല. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് സ്നാനം ഏറ്റപ്പോഴാണ് അവന്റെ പാപങ്ങൾ ക്ഷമിച്ചുകൊടുത്തത്. "വിളിക്കൽ" എന്നതിന് (ഗ്രീക്ക്.: *എപികാലെയോ*) "പ്രാർത്ഥന" എന്ന അർത്ഥമില്ല. അത് കേൾക്കുവാൻ അപേക്ഷിക്കുന്നതാണ് – പൗലൊസ് പിന്നീട് കൈസരുടെ അടുക്കലേക്ക് വിളിക്കപ്പെടുന്നുണ്ട് (പ്രവൃത്തികൾ 25:11, 12, 21, 25; 26:32; 28:19). നാം സ്നാനം ഏൽക്കുമ്പോൾ, നമ്മെ ശുദ്ധീകരിപ്പാൻ ദൈവത്തോട് അപേക്ഷിക്കയാണ് (പ്രവൃത്തതിികൾ 8:12; 19:5; 2:38; 1 പത്രൊസ് 3:21). ആ രക്ഷക്കുള്ള അപേക്ഷ യേശുവിന്റെ നാമത്തിൽ മാത്രമെ ആകാവു (പ്രവൃത്തികൾ 4:11, 12).

നാം യേശുവിനെ കർത്താവ് എന്നു ഏറ്റു പറഞ്ഞാൽ, നാം അവനെ കർത്താവായി അനുസരിക്കണം. അവൻ പറഞ്ഞു, "നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കയും, ഞാൻ നിങ്ങളോട് പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത്?" (ലൂക്കൊസ് 6:46). "കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗത്തിൽ പ്രവേശിക്കുന്നത്" (മത്തായി 7:21). അവനെ *കർത്താവ്* ആയി കൈക്കൊണ്ട് അനുസരിക്കാത്തവർക്ക് അവനെ കർത്താവ് എന്നുവിളിക്കുവാൻ അവകാശമില്ല.

നാം യേശുവിനെ ഏറ്റു പറയാതെ തള്ളിക്കളഞ്ഞാൽ, അവൻ പിതാവിന്റെ മുമ്പിൽ നമ്മെയും തള്ളിപ്പറയും (മത്തായി 10:33).

## അവനോടുകൂടെ അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റവർ

നാം യേശുവിൽനിന്നു കേട്ട്, അവനിൽ വിശ്വസിച്ച്, ഹൃദയപൂർവ്വം മാനസാന്തരപ്പെട്ട്, അവനിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു, പാപമോചനത്തിനായി സ്നാനം ഏൽക്കുമ്പോൾ, അവൻ നമ്മുടെ പാപങ്ങൾ കഴുകിക്കളഞ്ഞ് നമ്മെ രക്ഷിക്കും (മർക്കൊസ് 16:16; 1 പത്രൊസ് 3:21). രക്ഷക്കു മുൻപ് ദൈവം നമ്മിൽനിന്നും അനുസരിക്കുവാനാഗ്രഹിക്കുന്ന ഒരു കൽപനയാണ് സ്നാനം.

നമ്മുടെ പാപങ്ങളെ നീക്കം ചെയ്യുവാനുള്ള ഒരു പ്രവൃത്തി അല്ല സ്നാനം. യേശുവിന്റെ രക്തമാണ് നമ്മുടെ പാപങ്ങളെ കഴുകി കളയുന്നത് (വെളിപ്പാട് 1:5). അവൻ സ്വയമായി ക്രൂശിൽ നമ്മുടെ പാപങ്ങൾക്കുള്ള മറുവിലയായി ഏൽപിച്ചു കൊടുത്തു (1 പത്രൊസ് 1:18, 19). അങ്ങനെ നമുക്ക് നീതിമാന്മാരാകുവാൻ കഴിഞ്ഞു (2 കൊരിന്ത്യർ 5:21). അവൻ പൂർണ്ണാനുസരണത്തോടെ

ക്രൂശിലെ മരണത്തിന് തന്നെത്താൻ കീഴ്പ്പെടുത്തി നമ്മുടെ രക്ഷ നേടി (ഫിലിപ്പിയർ 2:8; എബ്രായർ 5:8, 9). അതുപോലെ, നാം സ്നാനത്തിൽ അനുസരിക്കുന്നു – നാം ചെയ്യുന്ന ഒരു പ്രവൃത്തിയായിട്ടല്ല, നമുക്ക് ചിലതു ചെയ്യുന്നതാണ് അത്. സ്നാനം എന്നത് നാം കീഴ്പ്പെടുന്ന ഒന്നാണ്.

സ്നാനത്തിൽ നാം ഒരു ആത്മിയ ശസ്ത്രക്രിയയിലൂടെയാണ് കടന്നുപോകുന്നത്, നമ്മുടെ കഴിഞ്ഞകാലപാപങ്ങളെ നീക്കം ചെയ്യൽ (കൊലൊസ്യർ 2:13, 14), യേശുക്രിസ്തു എന്ന നല്ല വൈദ്യനാണ് ശസ്ത്രക്രിയ നടത്തുന്നത്. നാം വിശ്വാസത്താൽ അവന്നു കീഴ്പ്പെടുമ്പോൾ, അവൻ വാഗ്ദാനം ചെയ്തതു നിറവേറ്റും. യേശുവിനെ ക്രൂശിൽ തറക്കുവാൻ ശ്രമിച്ചവരുടെ കൈകളിൽ താൻ ഏൽപിച്ചുകൊടുത്തതുപോലെ നാം സ്നാനത്തിന് മറ്റുള്ളവരുടെ കൈകളിൽ നമ്മെത്തന്നെ കീഴ്പ്പെടുത്തണം.

സ്നാനത്തിൽ, നാം പാപസംബന്ധമായി മരിച്ച് അടക്കപ്പെട്ട്, യേശുവിനോടുകൂടെ ഉയർത്തെഴുന്നേറ്റ് ജീവന്റെ പുതുക്കത്തിൽ നടക്കുന്നു (റോമർ 6:4; കൊലൊസ്യർ 2:12). മർക്കൊസ് 16:16–ൽ "യേശു സ്നാനത്തെ രക്ഷയുമായി ബന്ധിപ്പിക്കുന്നു - രക്ഷ പുറപ്പെടുവിക്കുന്ന ഒന്നായിട്ടല്ല, പക്ഷെ രക്ഷക്കുള്ള ആവശ്യങ്ങളിൽ ഒന്നായിട്ടാണ് പറഞ്ഞിരിക്കുന്നത്."[1] പത്രൊസും അതേ സത്യം പഠിപ്പിക്കുന്നു:

> "ആ പെട്ടകത്തിൽ അൽപജനം, എന്നുവെച്ചാൽ എട്ടുപേർ വെള്ളത്തിൽ കൂടെ രക്ഷപ്രാപിച്ചു." അതു സ്നാനത്തിന് ഒരു മുൻകുറി. "സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു" (1 പത്രൊസ് 3:20).[2]

നാം വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ, നമുക്ക് ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല (യോഹന്നാൻ 3:5). "ആത്മാവ്" സത്യം കൊണ്ടുവന്നു (യോഹന്നാൻ 16:13), വചനം നമ്മെ ജീവിപ്പിക്കുന്നു (യോഹന്നാൻ 6:63; 1 പത്രൊസ് 1:23), സത്യമാണ് നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹന്നാൻ 8:32). "വെള്ളം" എന്ന് അവിടെ പറഞ്ഞിരിക്കുന്നത് സ്നാനവെള്ളത്തെയാണ് (പ്രവൃത്തികൾ 8:38, 39).

"എന്നാൽ ദൈവരാജ്യത്തേയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പൊസിനെ അവർ വിശ്വസിച്ചപ്പോൾ പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു" (പ്രവൃത്തികൾ 8:12). ഫിലിപ്പൊസ് ദൈവരാജ്യത്തെ കുറിച്ച് പ്രസംഗിച്ചു. ഫലമോ, ആളുകൾ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും ഒരുപോലെ സ്നാനം ഏറ്റു. തീർച്ചയായും ഫിലിപ്പൊസ് പ്രസംഗിച്ച ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ ആളുകൾ പ്രതികരിച്ചു. അവർ ഫിലിപ്പൊസിന്റെ പ്രസംഗത്തിലെ യേശുവിന്റെ സന്ദേശം വിശ്വസിച്ചു (പ്രവൃത്തികൾ 8:5), ആത്മാവിന്റെ സഹായത്താലായിരുന്നു ഫിലിപ്പൊസ് പ്രസംഗിച്ചത് (പ്രവൃത്തികൾ 6:3, 5), അതായത് ആത്മാവ് അവനിൽകൂടെ പ്രവർത്തിക്കുകയായിരുന്നു. ഫലമോ, അവർ സ്നാനമേറ്റു. അങ്ങനെ അവർ സ്നാനമേറ്റ്, "വെള്ളത്താൽ" ജനിച്ചു, ഫിലിപ്പൊസ് "ആത്മാവിനാൽ" നയിക്കപ്പെട്ട് പ്രസംഗിച്ചതിനെ അവർ അനുസരിച്ചു. ഫിലിപ്പോസ് പ്രസംഗിച്ചതിനോടുള്ള പ്രതികരണത്താൽ അവർ ദൈവരാജ്യത്തിലേക്ക് പ്രവേശിച്ചു.

## സംക്ഷിപ്തം

തന്നെ ആരാധിക്കുന്ന എല്ലാവരുടേയും ആരാധന ദൈവം സ്വീകരിക്കുന്നില്ല.. നമ്മുടെ ആരാധന ദൈവം സ്വീകരിക്കണമെങ്കിൽ, നാം നമ്മുടെ പാപങ്ങളിൽനിന്നും രക്ഷിക്കപ്പെട്ട് ദൈവമക്കളായി തീരണം. . വിശ്വാസത്താൽ, ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റ് അവനെ ധരിച്ച് ദൈവമക്കളായി തീരുന്നു. അവന്റെ മക്കൾ സത്യത്തിലും ആത്മാവിലും ആരാധിച്ചാൽ മാത്രമെ ദൈവം സ്വീകരിക്കയുള്ളു.

ദൈവത്തെ ആരാധിക്കുക എന്നത് ജീവിതത്തിലെ വലിയ ഒരു അനുഭവമാണ്. ദൈവമുൻപാകെ നമ്മുടെ ആരാധന സ്വീകരിക്കുമോ എന്നത് നാം ഉറപ്പാക്കണം. നാം വിശ്വസ്തരായ ദൈവമക്കളായി ജീവിച്ച് അവന്റെ ഹിതപ്രകാരം ആരാധിക്കുമ്പോൾ, അവൻ അതു സ്വീകരിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം.

---

കുറിപ്പുകൾ

[1]ഓവൻ ഡി. ഓൾബ്രൈറ്റ്, *ബാപ്റ്റിസം: ഏ റെസ്പോൺസ് ഓഫ് ഫെയിത്ത്* (ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., 2000), 86. [2]ഇബിഡ്, 88.